"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

ഭക്ഷ്യപൊതുവിതരണവകുപ്പ് - റേഷൻ കടകൾക്ക് പ്രതിവർഷം നൽകുന്ന അവധികൾ സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഭക്ഷ്യ പൊതുവിതരണ (ബി) വകുപ്പ്

സ.ഉ.(സാധാ) നം.468/2022/F&CS തീയതി,തിരുവനന്തപുരം, 17-12-2022

പരാമർശം:- 1. സ.ഉ.(സാധാ) നം.303/1993/ഭ.പൊ.വി.വ തീയതി 29.10.1993

2. പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണറുടെ 06.10.2022, 01.12.2022തീയതികളിലെ സി.സി.എസ്/5843/2022-എ12 നമ്പർ കത്തുകൾ.

ഉത്തരവ്

പരാമർശം(1) പ്രകാരമുള്ള ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് നിലവിൽ റേഷൻ കടകൾക്ക് അവധി അനുവദിച്ചുവരുന്നത്. ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 നടപ്പിൽ വന്നതനുസരിച്ച് പൊതുവിതരണ സമ്പ്രദായത്തിൽ കാതലായ മാറ്റം ഉണ്ടാവുകയും പരാമർശം(1) പ്രകാരം റേഷൻ വ്യാപാരികൾക്ക് അനുവദിച്ചിരുന്ന പൊതുഅവധി ദിനങ്ങൾക്ക് മാറ്റം വരുകയും ചെയ്ത സാഹചര്യത്തിൽ, റേഷൻ കടകൾക്ക് പ്രതിവർഷം അനുവദിക്കേണ്ട അവധി പുന:നിശ്ചയിച്ച് ഉത്തരവ് ഉണ്ടാകണമെന്ന് കമ്മീഷണർ പരാമർശം(2) പ്രകാരം ആവശ്യപ്പെടുകയുണ്ടായി.

2. സർക്കാർ ഇക്കാര്യങ്ങൾ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, ഒരു കലണ്ടർ വർഷത്തിൽ താഴെ പറയുന്ന ദിനങ്ങൾ റേഷൻ കടകൾക്ക് അവധി അനുവദിച്ച് ഉത്തരവാകുന്നു.

1. റിപ്പബ്ലിക് ദിനം
2. ശിവരാത്രി
3. പെസഹാ വ്യാഴം
4. ദു:ഖ വെള്ളി
5. വിഷു
6. ഈദ്-ഉൽ-ഫിത്തർ (റംസാൻ)
7. മെയ് ദിനം
8. ഈദ്-ഉൽ-അദ്ഹ (ബക്രീദ്)
9. സ്വാതന്ത്ര്യദിനം
10. തിരുവോണം
11. ശ്രീനാരായണഗുരു ജയന്തി
12. ശ്രീനാരായണഗുരു സമാധി

13. മിലാഡി- ഷെറീഫ് (നബിദിനം)
14. ഗാന്ധി ജയന്തി
15. മഹാനവമി
16. ക്രിസ്തുമസ്

കൂടാതെ കർക്കടകവാവ് പ്രമാണിച്ച് ബന്ധപ്പെട്ടവർക്ക് ഉച്ചയ്ക്ക് ഒരു മണി വരെ നിയന്ത്രിത അവധിയും അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അബ്ദുൾ മജീദ് കക്കോട്ടിൽ
അഡിഷണൽ സെക്രട്ടറി

പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ ആഡിറ്റ്), കേരളം, തിരുവനന്തപുരം
എല്ലാ ജില്ലാ സപ്ലൈ ഓഫീസർമാർക്കും
താലൂക്ക് സപ്ലൈ /സിറ്റി റേഷനിംഗ് ഓഫീസർമാർക്കും
(പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണർ മുഖാന്തിരം)
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
(ഔദ്യോഗിക വെബ്.സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ /ഓഫീസ് കോപ്പി/ഓഫീസ് സെക്ഷൻ
(നം. ഭ.പൊ.വി.വ-ബി2/283/2022-ഭ.പൊ.വി.വ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:-
ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ബഹു.ഭക്ഷ്യപൊതുവിതരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ഭക്ഷ്യപൊതുവിതരണ വകുപ്പ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
ഭക്ഷ്യപൊതുവിതരണ വകുപ്പ് അഡീഷണൽ സെക്രട്ടറി-11ന്റെ പി.എ.യ്ക്ക്
ഭക്ഷ്യപൊതുവിതരണ വകുപ്പ് അണ്ടർ സെക്രട്ടറിയ്ക്ക്